പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 4315

27.06..2013 -ൽ
മറുപടിയ്ക്ക്

## ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ പ്രവർത്തനം

*ചോദ്യം*
ശ്രീ. സി. ദിവാകരൻ

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) മലപ്പുറം ജില്ലയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കുവാനായി എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഇരുപത്തിരണ്ടാമത് ഗവേണിംഗ് ബോഡിയോഗം തീരുമാനിയ്ക്കുകയുണ്ടായി. പ്രസ്തുത സമുച്ചയത്തിൽ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ്, അപ്ലൈഡ് സയൻസ് കോളേജ്, എൽ.ബി.എസ്. സബ് സെന്റർ തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ കണ്ടെത്തിയിട്ടുണ്ട്. 2013-14 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ ഇതിനായി 25 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. |

| | |
|---|---|
| (ബി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന് സ്ഥാപിക്കാൻ കഴിയും; വിശദമാക്കുമോ ? | (ബി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കുന്നതിന് ഒരു സൊസൈറ്റി രൂപീകരിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. IIIT-Kerala മൂന്നു ഘട്ടമായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിനുള്ള 'ഭൂമി ഏറ്റെടുക്കൽ' 2014 അവസാനത്തോടെ പൂർത്തീകരിച്ച് IIIT-Kerala -യുടെ ആദ്യ കെട്ടിടത്തിന്റെ പണി ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ